കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)*

.

നം.കെ.എസ്.എ-എ.എൽ.പി/പി13-89/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com
തീയതി. 24.01.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം :- മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവകളിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി13-89/2019 തീയതി: 24.01.2019

## ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.07.2017 മുതൽ 31.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.11.2018 മുതൽ<br>16.11.2018 വരെ | ശ്രീമതി.എസ്സ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.രാജേഷ്.കെ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | |
| ശ്രീമതി.തങ്കമണി | 01.4.2017 മുതൽ 21.11.2017FN വരെ |
| ശ്രീമതി.മഞ്ജു രതികുമാർ | 21.11.2017AN മുതൽ 15.12.2017FN വരെ |
| ശ്രീ.എം.എസ്.സന്തോഷ് | 15.12.2017AN മുതൽ 31.3.2018വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ, വിദ്യാഭ്യാസം | ശ്രീ.എസ്.നവാസ് | 01.4.2017 മുതൽ 31.3.18 വരെ |
| 2 | വികസനകാര്യം | ശ്രീ.എം.എസ്.സന്തോഷ് | 01.4.2017 മുതൽ 31.3.18 വരെ |

| | | | |
|---|---|---|---|
| 3 | ക്ഷേമകാര്യം | ശ്രീമതി.ടി.വി.ലേഖ | 01.4.2017 മുതൽ 31.3.2018 വരെ |
| 4 | ധനകാര്യം | ശ്രീമതി.മഞ്ജു രതികുമാർ | 01.4.2017 മുതൽ 31.3.18 വരെ |

| | |
|---|---|
| സെക്രട്ടറി<br>ശ്രീ.സി.കെ.ഷിബു | 01.4.2017 മുതൽ 31.3.2018 വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.റെജി.ജി.വി. | 01.04.2017 മുതൽ<br>28.10.2017FN വരെ |
| | ശ്രീമതി.റോഷ്നി ജോർജ്ജ് | 28.10.2017AN മുതൽ<br>16.11.2017 വരെ |
| | ശ്രീമതി.റെജി.ജി.വി. | 17.11.2017 മുതൽ<br>31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുരേഷ് പി.പണിക്കർ | 01.04.2017മുതൽ<br>16.7.2017വരെ |
| | ഡോ.കെ.ജി.രാജു | 17.7.2017 മുതൽ<br>31.3.2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന സലിം | 01.04.2017 മുതൽ<br>31.03.2018വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. മണ്ണഞ്ചേരി | ഡോ.മാർട്ടിൻ കുഞ്ചെറിയ | 01.04.2017മുതൽ<br>31.03.2018വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,കലവൂർ | ഡോ.ജീന.എസ്.എൻ | 1.4.2017 മുതൽ<br>31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ജയേഷ് കുമാർ.പി.ഡി | 01.04.2017 മുതൽ<br>31.3.2018 വരെ |
| ഹെഡ്മിസ്ട്രസ്സ്,<br>ഗവ.എൽ.പി.എസ്. | ശ്രീ.വേണു.പി.ജി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സലീല. | 01.04.2017 മുതൽ<br>8.8.2017വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി.ആശ.ബി. | 9.8.2017 മുതൽ<br>9.11.2017 വരെ |
| | ശ്രീമതി.സബിത.വി.എച്ച്(i/c) | 10.11.2017 മുതൽ<br>22.11.2017FN വരെ |
| | ശ്രീമതി.സൗമ്യ | 22.11.2017AN മുതൽ<br>31.3.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജയ.പി, | 01.04.2017FN മുതൽ<br>18.9.2017വരെ |
| | ശ്രീമതി.സുബൈദബായ്.ഐ. | 18.9.2017AN മുതൽ<br>31.3.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.എം.എൻ.ഹരിചന്ദ്രൻ | 01.04.2017 മുതൽ<br>30.11.2017 വരെ |
| | ആഭ.വി.എസ്.(i/c) | 1.12.2017മുതൽ<br>15.12.2017FN വരെ |
| | പ്രിയമ്മ ഫിലിപ്പ് | 15.12.2017AN മുതൽ<br>6.1.2018 വരെ |
| | അജിത്കുമാർ.വൈ. | 8.1.2018 മുതൽ<br>31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പ്രസീത(കണയൂർ വി.ഇ. ഒ) | 01.04.2017 മുതൽ 18.7.2017FN വരെ |
| | മുഹമ്മദ്കുഞ്ഞ് ആശാൻ<br>(കണയൂർ സർക്കിൾ) | 18.7.2017AN മുതൽ<br>31.3.2018 വരെ |
| | ബാബുമോൻ.ജി.<br>(മണ്ണഞ്ചേരി സർക്കിൾ) | 1.4.2017 മുതൽ<br>31.3.2018 വരെ |

| | | |
|---|---|---|
| | ഹാഷിഫ് എച്ച്<br>(ഹെഡ് ക്വാർട്ടേഴ്സ്) | 1.4.2017 മുതൽ<br>5.6.2017FN വരെ |
| | രേഖ.ഇ.എസ്.<br>(ഹെഡ് ക്വാർട്ടേഴ്സ്) | 5.6.2017 AN മുതൽ<br>20.07.2017FN വരെ |
| | അബ്ദുൽ സലാം<br>(ഹെഡ് ക്വാർട്ടർ) | 20.7.2017AN മുതൽ<br>31.3.2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സൂര്യ.പി.എസ്. | 01.04.2017 മുതൽ<br>31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | വസ്തുനികുതി ഫയലുകൾ പൂർണ്ണമായും ഹാജരാക്കിയില്ല |
| 3 | 2-2(എ) | തൊഴിൽ നികുതി അപാകങ്ങൾ |
| 4 | 2-2(ബി) | തൊഴിൽ നികുതി ഈടാക്കിയില്ല |
| 5 | 2-3 | ലേലം - പഞ്ചായത്ത് ബൈലോ രൂപീകരിച്ചിട്ടില്ല, ലേല നടപടികളിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നു |
| 6 | 2-4 | ലേലം തുടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല, പഞ്ചായത്തിന് ധനനഷ്ടം |
| 7 | 2-5 | കച്ചവടസ്ഥാപനങ്ങൾക്കും ഫാമുകൾക്കും ലൈസൻസ് നൽകൽ -സർക്കാർ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്. |
| 8 | 2-6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -സംബന്ധിച്ച് |
| 9 | 2-7 | ദുരിതാശ്വാസനിധി അക്കൌണ്ട് രൂപീകരിച്ചിട്ടില്ല |
| 10 | 2-8 എ | അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 11 | 2-8 ബി | അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 12 | 2-9 | ലോഗ് ബുക്കിൽ സർക്കാർ നിർദ്ദേശാനുസരണമുള്ള രേഖപ്പെടുത്തലുകളില്ല |
| 13 | 2-10 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| | | ഭാഗം 3 |
| 14 | 3-1 | മരുന്നു പൂർണ്ണമായും ലഭ്യമാക്കിയില്ല |
| 15 | 3-2 | ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 16 | 3-3 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 17 | 3-4 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം - അവലോകനം |
| 18 | 3-5 | തൊഴിലുറപ്പ് പദ്ധതി - ഏറ്റെടുത്ത പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കി |
| 19 | 3-6 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു |
| 20 | 3-7 | മുട്ട കോഴിവളർത്തൽ എസ്സ്.റ്റി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| 21 | 3-8 | ക്ഷേമപെൻഷനുകൾ -സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല |
| 22 | 3-9 | കൃഷിമേഖലയിലെ പ്രൊജക്ടുകൾ, ജൈവവളങ്ങളുടെ വാങ്ങലുകൾ സംബന്ധിച്ച് |

| | | |
|---|---|---|
| 23 | 3-10 | ജൈവപച്ചക്കറി കൃഷി - വളം, പച്ചക്കറി വിത്തുകൾ വിതരണരേഖകൾ പൂർണ്ണമല്ല |
| 24 | 3-11 | സമഗ്ര നെൽകൃഷി വികസനപദ്ധതി അപാകങ്ങൾ |
| 25 | 3-12 | റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും - സർക്കാർ നിർദ്ദേശം പാലിക്കണം |
| 26 | 3-13 | സിസിടിവി ക്യാമറ-ക്വട്ടേഷൻ ഒഴിവാക്കി |
| 27 | 3-14 | മൽസ്യ തൊഴിലാളികൾക്ക് വല പദ്ധതി-രേഖകളുടെ അഭാവം |
| 28 | 3-15 | വാഹനത്തിന്റെ അറ്റകുറ്റപ്പണി -ക്വട്ടേഷൻ ക്ഷണിച്ചില്ല |
| 29 | 3-16 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 30 | 3-17 | കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ല ചെയ്യുന്ന പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി |
| 31 | 3-18 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല |
| 32 | 3-19 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല |
| 33 | 3-20 | മൂല്യ നിർണ്ണയത്തിലെ അപാകത മൂലം കൺവീനർക്ക് അധിക തുക നൽകി |
| ഭാഗം 4 | | |
| 34 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 35 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 36 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18-ലെ ബജറ്റ് 27-3-2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---:|---:|
| ബജറ്റ് പ്രകാരം | 341002981 | 289636191 |
| വാർഷിക കണക്ക് പ്രകാരം | 123099952 | 148959448 |

2017-18 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിന്നുള്ള ശുപാർശകൾ തയ്യാറാക്കി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര് | ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ച തീയതി |
|---|---|
| വികസനം | 10.01.2017 |
| ക്ഷേമകാര്യം | 09.01.2017 |
| ആരോഗ്യ - വിദ്യാഭ്യാസം | 28.01.2017 |

ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും

വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ് രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവ്-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്.

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്-ചെലവ് കണക്കുകളും ബജറ്റ് എസ്റ്റിമേറ്റും തമ്മിൽ കോടികണക്കിനു രൂപയുടെ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

സമർപ്പിച്ച തീയതി - 6.6.2018

വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്സ്.എ-എ.എൽ.പി./ജി.എ4.1126(2)2018 01.08.2018 | വിശേഷണങ്ങളോടുകൂടിയത് |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 44418063 |
| വരവ് | 123099952 |
| ആകെ | 167518015 |
| ചെലവ് | 148959448 |
| നീക്കിയിരിപ്പ് | 18442102 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട്(ജനറൽ) | | 30439000 | 30439000 | 28766409 | 1672591 |
| വി.ഫണ്ട്(എസ്.സി.പി) | | 6806840 | 6806840 | 5244569 | 1562271 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | 6554000 | 6554000 | 6456811 | 97189 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | | 5823000 | 5823000 | 3976570 | 1846430 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 18991692 | 18991692 | 18984969 | 6723 |
| കെ.എൽ.എസ്.ജി.ഡി.പി | | 4379036 | 4379036 | 4223749 | 155287 |
| ട്രഷറി റ്റി.എസ്.ബി. (ജനറൽ പർപ്പസ്) | 25502094 | 15820730 | 41322824 | 40272381 | -1050443 |
| എസ്.ബി.ഐ. -സാക്ഷരത | 791935 | 169997 | 961932 | 140500 | 821432 |
| എം.എൻ.ആർ.ഇ.ജി.എസ് | 6917012 | 4502653 | 11419665 | 10962311 | 457354 |
| എസ്.ബി.ഐ.-പൈക്ക | | | | | |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 158747 | 3842500 | 4001247 | 3670317 | 330930 |
| കറന്റ് അക്കൗണ്ട് | 0 | 502540 | 502540 | 649 | 501891 |
| ബി-ഫണ്ട് | 0 | 86429500 | 86429500 | 86429500 | 0 |
| തനത് ഫണ്ട് | 6032924 | 26025496 | 32058420 | 16038899 | 16019521 |
| ക്യാഷ്(തനത് ഫണ്ട്) | 241761 | 283636 | 525397 | 241761 | 283636 |
| സാനിറ്റേഷൻ | 1211928 | 28980 | 1240908 | 748158 | 492750 |
| ഐ.സി.ഡി.എസ്. | 476534 | 604614 | 1081148 | 1070534 | 10614 |
| ഹരിയാലി | 3085128 | 96827 | 3181955 | 2607538 | 574417 |

1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 200 | 119081671 | 153 | 81273403 | 30 | 17 | 76.5 |

പദ്ധതി നിർവ്വഹണം സമയ ബന്ധിതമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 72/2017 തസ്വഭവ തീയതി. 29.03.2017 പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്. എന്നാൽ മാർച്ച് മാസമാണ് കൂടുതലും ചെലവ് വന്നിട്ടുള്ളത്. തന്മൂലം പ്രൊജക്ടുകൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹണം നടത്താൻ സാധിച്ചിട്ടില്ലൊന്ന് വിലയിരുത്താം. പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദ വർഷം 25% എങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മിറ്റി നൽകിയിട്ടുള്ളത്.

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6917012 | 4502653 | 11419665 | 10962311 | 457354 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62647280 | 62647280 | 62647280 | 0 |
| ആകെ | 6917012 | 67149933 | 74066945 | 73609591 | 457354 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 478320 | 791 |
| കർഷകതൊഴിലാളി പെൻഷൻ | 10543400 | 944 |
| വിധവാപെൻഷൻ | 15668400 | 1399 |
| വാർദ്ധക്യകാലപെൻഷൻ | 50215300 | 4801 |
| വികലാംഗപെൻഷൻ | 8869100 | 762 |
| അവിവാഹിതപെൻഷൻ | 1133300 | 105 |

| | | |
|---|---|---|
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 360000 | 12 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.18തീയതി, 3.00pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,392/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച്ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം താരതമ്യേന കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നു.

1. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നുണ്ട്. യോഗ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ യഥാസമയം എഴുതി പരിപാലിക്കുന്നുണ്ട്. എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കണ്ടില്ല.
2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും ജോലിവിഭജനം കൃത്യമായി ഓഫീസ് ഓർഡറിൽ രേഖപ്പെടുത്തപ്പെടുന്നുണ്ട്.
3. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്.
4. വൗച്ചറുകൾ കൃത്യമായി നമ്പറുകളിട്ട് സൂക്ഷിക്കുന്നുണ്ട്. 2017-2018 സാമ്പത്തികവർഷം ആകെ ലഭിച്ച 28938 തപാലുകളിൽ 17333 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. 11605 ഫയലുകളുടെ നടപടി പുരോഗമിക്കുന്നു. എൻ.ആർ.ഇ.ജി.എസ്. സെക്ഷന്റെ ഫയലുകളാണ് തീർപ്പാക്കാൻ കൂടുതലുള്ളത്.
5. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചല്ല വാങ്ങലുകൾ നടത്തുന്നത്.
6. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കുന്നില്ല.
7. വസ്തുനികുതി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2018 | ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ 2018 | 22.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2017-11.07.2017 | 2012-13 മുതൽ 2016-17 വരെ | 11.09.17 |

1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭ്യമായ കണക്കു പ്രകാരം 20644 വരവുണ്ട്. എന്നാൽ AFS പ്രകാരം 6000/-രൂപ മാത്രമാണുള്ളത്. 01.08.2018-ലെ നം.കെ.എസ്.എ-എ.ൽ.പി/ജി.എ4-1126(2)/18 ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള അപാകതകൾ മുഴവനായി പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി ഫയലുകൾ പൂർണ്ണമായും ഹാജരാക്കിയില്ല

2017-18 വർഷത്തെ വസ്തുനികുതി സംബന്ധിച്ച ഫയലുകൾ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിട്ടും പൂർണ്ണമായും ഹാജരാക്കിയില്ല. നമ്പറിംഗ് ഫയലുകൾ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. എന്നാൽ വളരെ ലാഘവത്തോടെയാണ് ഇത് കൈകാര്യം ചെയ്യുന്നത്. കെട്ടിടങ്ങൾക്ക് നമ്പറിംഗ് നൽകുന്നതുമായി ബന്ധപ്പെട്ട് സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. എത്ര കെട്ടിടങ്ങൾക്ക് തൻവർഷം നമ്പർ നൽകി എന്ന കണക്കും ലഭ്യമായില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള തൻവർഷം നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങളും ഹാജരാക്കിയില്ല.

### 2-2(എ) തൊഴിൽ നികുതി അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം 600 ഓളം അപേക്ഷകളിൽ ഡി ആന്റ് ഒ ലൈസൻസ് നൽകിയതായി കാണുന്നു, ഇതിൽ ഒന്നിൽ കൂടുതൽ പേർ ജോലിചെയ്യുന്ന സ്ഥാപനങ്ങളും ഉൾപ്പെടുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ തൊഴിൽ ഉടമകളോട് 1996 ലെ കേരളാപഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ ചട്ടം 18 പ്രകാരം ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ഒന്നിൽ കൂടുതൽ പേർ ജോലിച്ചെയ്യുന്നതുമായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി ആ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി സ്ഥാപന രജിസ്റ്റർ പുതുക്കേണ്ടതാണ്. ഇപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ച് നികുതിയുടെ ഒടുക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

### 2-2(ബി) തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

പൊന്നാട് സർവ്വീസ് സഹകരണബാങ്ക് - I half

KSEB കലവൂർ ശാഖ – സ്ഥാപനനികുതി

പോസ്റ്റോഫീസ് ആര്യാട് നോർത്ത് - II half

മണ്ണഞ്ചേരി വെസ്റ്റ് A180 D ക്ഷീരോൽപ്പാദക സംഘം

മണ്ണഞ്ചേരി സൌത്ത് A79 D ക്ഷീരോൽപ്പാദക സംഘം

കാവുങ്കൽ A181 D ക്ഷീരോൽപ്പാദക സംഘം

നേതാജി A86 D ക്ഷീരോൽപ്പാദക സംഘം

2017-18 വർഷം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ
ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽനികുതി ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഈ സ്ഥാപനങ്ങളുടെയോ, സ്ഥാപനങ്ങളിലെ ജീവനക്കാരുടെയോ തൊഴിൽ നികുതി ഇനത്തിൽ തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

### 2-3 ലേലം - പഞ്ചായത്ത് ബൈലോ രൂപികരിച്ചിട്ടില്ല, ലേല നടപടികളിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നു

കേരളാ പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം (ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും) ഈ ആക്ടിലെയും മറ്റേതെങ്കിലും നിയമത്തിലെയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപികരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റുവാൻ സർക്കാരിന്റെ അംഗീകാരത്തോട് കൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ കെട്ടിടം വാടകയ്ക്ക് നൽകുന്നതിനോ, വാടക നിശ്ചയിക്കുന്നതിനോ ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോകൾ രൂപീകരിക്കാത്തിനാൽ

ലേലനടപടികളിൽ തീരുമാനം എടുക്കാനുണ്ടായ കാലതാമസത്താൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 19/16 നമ്പർ കടമുറി സുഷമ്മ നാളികാട് എന്ന വ്യക്തി 3900/- രൂപയ്ക്ക് 25.8.17 ൽ നടന്ന ലേലത്തിൽ ലേലം കൊള്ളുകയുണ്ടായി. 27.1.18 ൽ ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചെങ്കിലും ലേലം കൊണ്ട വ്യക്തിക്ക് സാമ്പത്തികബുദ്ധിമുട്ട് നേരിട്ടതിനാൽ ലേലം ഒഴിയുകയുണ്ടായി. ലേലം കൊണ്ട ആൾ ലേലം ഒഴിയുമ്പോൾ, അതിനേക്കാൾ കുറവ് തുക വിളിച്ച ആളിന് ലേലം അംഗീകരിച്ച് നൽകുകയോ, ആ വ്യക്തിയും താൽപ്പര്യപ്പെട്ടില്ലെങ്കിൽ പുന:ലേലം നടത്തുകയോ ചെയ്യാമായിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മറ്റി ഈ വിഷയത്തിൽ ഉടൻ തീരുമാനം എടുക്കാതെ പിന്നീട് ധനകാര്യകമ്മറ്റിയുടെ ശുപാർശപ്രകാരം 4-08-2018 ലെ 2(3) തീരുമാനപ്രകാരം പുന: ലേലം നടത്താൻ തീരുമാനിക്കുകയാണ് ചെയ്തത്. പുന:ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ 16.10.18 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും ക്വട്ടേഷനിൽ കൂടുതൽ കോട്ട ചെയ്ത ആളിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയുമുണ്ടായി, ലേലനടപടികൾ പൂർത്തീകരിക്കാൻ എകദേശം ഒരു വർഷം സമയം എടുക്കേണ്ടിവന്നു. പഞ്ചായത്തിന് കൃത്യമായ ബൈലോ രൂപികരിച്ചിരുന്നെങ്കിൽ ലേലം കൊണ്ട വ്യക്തിയേക്കാൾ കുറവ് ലേലം വിളിച്ചയാളിന് ലേലം അംഗീകരിച്ച് നൽകുകയോ, തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്ത് കാലതാമസം ഒഴിവാക്കാമായിരുന്നു. ബൈലോ രൂപീകരിച്ച് ലേലനടപടികൾ കൃത്യതയോടെയും സുതാര്യമായും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ എത്രയും പെട്ടെന്ന് ബൈലോ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-4 ലേലം തുടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല, പഞ്ചായത്തിന് ധനനഷ്ടം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നാല് കടമുറികളുടെ ലേലം 25.8.17 ൽ നടത്തുകയും ലേലത്തിൽ ഉൾപ്പെട്ട 6/109 നമ്പർ കടമുറി 3050/- രൂപയ്ക്ക് സതീശൻ ആറുപുറത്ത് ലേലം കൊള്ളുകയുമുണ്ടായി. ലേലത്തിൽ ഉൾപ്പെട്ട മറ്റ് മൂന്ന് കടമുറികളുടെ ലേലം തുടർന്നുള്ള മാസത്തിലെ പഞ്ചായത്ത് കമ്മറ്റിയിൽ (27.1.18) അംഗീകരിച്ചെങ്കിലും 6/109 നമ്പർ കടമുറിയുടെ ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയോ, ലേലംകൊണ്ട ആളുമായി കരാർ ചമയ്ക്കാൻ ഭരണസമിതി തയ്യാറായില്ല. മാസങ്ങളോളം ഈ വിഷയത്തിൽ തീരുമാനം എടുക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) ഹാജരാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കടമുറി യൂസഫ് എന്നയാൾക്ക് നൽകാമെന്ന് മുൻ പഞ്ചായത്ത് ഭരണസമിതി ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കടമുറി ഒഴിയുകയും പുതിയ കെട്ടിടനിർമ്മാണത്തിന് സൌകര്യം ഒരുക്കുകയും ഉണ്ടായത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ ഈ കടമുറി യൂസഫ് എന്നയാൾക്ക് തന്നെ നൽകണമെന്ന് ഭരണസമിതി തീരുമാനിക്കുകയുണ്ടായി. ഈ വിഷയം പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകുകയും അതിനാലാണ് ലേലം അംഗീകരിച്ച് നൽകാതിരുന്നത് എന്നും അറിയിക്കുകയുണ്ടായി. തുടർന്ന് ലേലം ആദ്യമേ ലേലം കൊണ്ട സതീശൻ ആരുപുറത്തിന് തന്നെ നൽകാൻ തീരുമാനിച്ചു. 05.09.2018-ലെ കമ്മറ്റിയിലെ 8(1) തീരുമാനപ്രകാരം ലേലം സതീശൻ തന്നെ നൽകി. ലേലം നടത്തിയെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നതിനുണ്ടായ കാലതാമസം മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.ഹാജരാക്കിയ മറുപടി അംഗീകരിക്കുന്നില്ല, പഞ്ചായത്തിനുണ്ടായ സാമ്പത്തികനഷ്ടം 21350/-രൂപ 27.1.18 ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കടമുറികൾ ലേലം നടത്തി വാടകയ്ക്ക് കൊടുക്കുന്നത് പഞ്ചായത്തിന് എന്നും വരുമാനദായകമാണ്. തനത് വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന നടപടികൾക്ക് ഭരണസമിതി മുൻഗണന നൽകേണ്ടതാണ്. നിലവിലുള്ള ഈ വരുമാനമാർഗ്ഗങ്ങൾ നൂതന ആശയങ്ങളും മറ്റ് മാർഗ്ഗങ്ങളും ആവിഷ്കരിച്ച് വർദ്ധിപ്പിക്കുക എന്നത് ആയിരിക്കണം പഞ്ചായത്തിന്റെ ലക്ഷ്യം. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 കച്ചവടസ്ഥാപനങ്ങൾക്കും ഫാമുകൾക്കും ലൈസൻസ് നൽകൽ -സർക്കാർ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

ഉറവിടമാലിന്യ സംസ്കരണം സംബന്ധിച്ച് സ.ഉ. (സാധാ) നമ്പർ 2511/17 തസ്വഭവ തിയതി 22.7.17 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി ആന്റ് ഓ ലൈസൻസോട് കൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, കല്യാണമണ്ഡപങ്ങൾ, ഭക്ഷണശാലകൾ, വസ്ത്രശാലകൾ, പച്ചക്കറി, പഴം കടകൾ, ക്യാന്റീനുകൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യസംസ്കരണത്തിന് ബയോബിൻ, എയ്റോബിക്ക് ബിൻ കൂടാതെ ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനം സജ്ജീകരിക്കാൻ നിർദ്ദേശം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതിരുന്നാൽ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാനും നിർദ്ദേശമുണ്ട് . നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി മാലിന്യനിർമ്മാർജ്ജന മാർഗ്ഗങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക്

നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ഹാജരാക്കിയത്. എന്നാൽ ഈ നിർദ്ദേശം സ്ഥാപനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

എന്നാൽ കോഴിഫാമിന് ലൈസൻസ് നൽകിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പിക്കാനായില്ല. വി.എസ്.രാജേന്ദ്രൻ, വേലായുധൻ ഭവൻ, നോർത്ത് ആര്യാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 5000 sq.ft തറവിസ്തീർണ്ണമുള്ളതും, 3500 കോഴികൾ ഉള്ളതുമായ കോഴിഫാമിന് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ഫയലിൽ കോഴിഫാം ആരംഭിക്കുന്നതിനുള്ള ലൈസൻസിന് ജില്ലാമെഡിക്കൽ ഓഫീസറുടെ NOC ആവശ്യമാണെന്ന് ഹെൽത്ത് ഇൻസ്പെക്ടറുടെ നിർദ്ദേശം രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ജില്ലാമെഡിക്കൽ ഓഫീസറുടെ NOC യോ, ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിട്ടേഷൻ സർട്ടിഫിക്കറ്റോ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റോ ഇല്ലാതെ 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടം 6) നെ അടിസ്ഥാനമാക്കി സെക്രട്ടറി ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. ചട്ടപ്രകാരം ലൈസൻസ് നൽകിയെങ്കിലും കോഴിഫാമിന് ലൈസൻസുമായി ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ ഇതിൽ പാലിക്കപ്പെട്ടിട്ടില്ല . 2012 ലെ കേരളാ പഞ്ചായത്ത് രാജ് ( ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 5) പ്രകാരം മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് lV ക്ലാസ്സ് പ്രൾടി ഫാമിൽ വളം കുഴി ഉണ്ടായിരിക്കണം. കൂടാതെ ലൈസൻസിനായി ഹാജരാക്കുന്ന അപേക്ഷയോടൊപ്പം ചട്ടം 6-ൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള മാലിന്യനിർമ്മാർജ്ജന ക്രമീകരണത്തെക്കുറിച്ചുള്ള വിവരണങ്ങളും ചുറ്റുവട്ടത്തുള്ള ജനവാസത്തെക്കുറിച്ചുള്ള വിവരങ്ങളും അനുബന്ധവിവരങ്ങളായി ചേർക്കണം. ഇത്തരം മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒന്നുതന്നെ അപേക്ഷയോടൊപ്പം ചേർത്തിട്ടില്ല. സെക്രട്ടറി ഈ വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ അവ മറ്റ് മാലിന്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്ന് നിലവിലുള്ള മാർഗ്ഗങ്ങൾ വഴി ഉറപ്പാക്കേണ്ടത് ഭരണസമിതിയുടെയും ഉത്തരവാദിത്വമാണ്.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -സംബന്ധിച്ച്

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി. മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു. ടി നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ദുരിതാശ്വാസനിധി അക്കൌണ്ട് രൂപികരിച്ചിട്ടില്ല

2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി അക്കൌണ്ടായി രൂപീകരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ദുരിതാശ്വാസനിധിക്കായി പ്രേത്യേകം ഒരു അക്കൌണ്ട് രൂപികരിച്ചിട്ടില്ല, ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ 2015-16 വർഷം ഈ ഇനത്തിൽ ലഭ്യമായ 500/- രൂപ ഡിസ്ട്രസ് റീലീഫ് ഹെഡിൽ വാങ്ങുകയും അത് തനത് ഫണ്ടിൽ നിക്ഷേപിക്കുകയുമുണ്ടായി എന്നറിയിച്ചിട്ടുണ്ട് . പ്രസ്തുത ഹെഡിൽനിന്ന് 2015-16 വർഷത്തിന് ശേഷം വരവ് ചെലവ് ഉണ്ടായിട്ടില്ല. ദുരിതാശ്വാസനിധി സംബന്ധിച്ച് ഗ്രാമസഭകളിലും മറ്റും പ്രചാരണം നടത്തി പ്രസ്തുത അക്കൌണ്ട് പ്രവർത്തനക്ഷമമാക്കി നിലനിർത്തേണ്ടതാണ്.

## 2-8 എ അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം.ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യൂ3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ബി) അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ പ്രവർത്തന പരിധിയിൽ ആകെ 49 അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ 16 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ച് വരുന്നത്.

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011 പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
2. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.
3. സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി. സൂപ്പർവൈസർ, അംഗണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10-നകം എല്ലാ അംഗണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 2-9 ലോഗ് ബുക്കിൽ സർക്കാർ നിർദ്ദേശാനുസരണമുള്ള രേഖപ്പെടുത്തലുകളില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ എൽ4-എഡി- 9000, കെ എൽ 4-എ ജി-5555 എന്നീ നമ്പരുകളിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ ആയവ ക്രമപ്രകാരം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു. വാഹന പരിപാലനം സംബന്ധിച്ച സർക്കുലർ നം. 41/2008/ധനം. 02.08.2008 ലെ നിർദ്ദേശങ്ങളിൽ പലതും പാലിച്ചിട്ടില്ല. ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. വാഹനത്തിന്റെ പ്രതിമാസ ഡീസൽ വാങ്ങലുമായി ബന്ധപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം ലോഗ് ബുക്കിൽ തൻമാസം അവസാന ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്ത് പോരുന്നില്ല. ആയതിനാൽ യാത്ര ചെയ്ത ദൂരത്തിനനുസൃതമായാണോ ഇന്ധനഉപഭോഗം എന്ന് വ്യക്തമല്ല. ചില ദിവസങ്ങളിൽ ഇന്ധനം നിറച്ചതു സംബന്ധിച്ച രേഖപ്പെടുത്തലുകളും കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/15.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്ക് സർക്കാർ മാർഗ്ഗ നിർദ്ദേശാനുസരണം തയ്യാറാക്കി സൂക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-10 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ

58,220/-രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർത്തിട്ടുള്ളത് കാണുക. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരുന്നു പൂർണ്ണമായും ലഭ്യമാക്കിയില്ല

പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങാൻ എന്ന പ്രൊജക്ട് നം. 80/17-18 പ്രകാരം 4,00,000/-രൂപ മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) (ബിൽ നം.1/17-18/23.2.2018) നിന്ന് പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിട്ടുണ്ട്. എന്നാൽ നാളിതുവരെ 2,54,304/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള 1,45,696/- രൂപയുടെ മരുന്നു ലഭ്യമാക്കുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു.

### 3-2 ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തികവർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| പദ്ധതിയുടെ പേര്, നം/പ്രോജക്ട് നം. | അടങ്കൽ, ഫണ്ട് | നൽകിയത് | ചെലവഴിച്ച തുക/ ബിൽ നം/ തീയതി/വൗച്ചർ നമ്പർ |
|---|---|---|---|
| സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ 120/18 | 228961.CFC ഗ്രാന്റ് 158747ജി,വിഹിതം. | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി | 387708 21/17-18/10.1.18 |
| -ടി-- 4/18 | 3965700 CFC ഗ്രാന്റ് 1350000 ജി.വിഹിതം. | --ടി--- | 3409223 45/17-18 |
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 243/18 | 2316000 CFC ഗ്രാന്റ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി | 2316000 44/17-18/31.3.18 |
| എ.എസ്.കനാലിനു കുറുകെ ബണ്ട് നിർമ്മാണം 178/18 | 1120000, C F C ഗ്രാന്റ് | ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 1120000 13/17-18; 25.9.17 32/17-18/28.2.18 |
| ആകെ | | | 7232931 |

ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നൽകിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ചോ തുക എത്രത്തോളം വിനിയോഗിച്ച എന്നത് സംബന്ധിച്ചോ വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽ പ്രവർത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ നൽകിയ തുക തടസ്സപ്പെടുത്തുന്നു.

ടി പ്രവർത്തികൾക്കായി അതത് സ്ഥാപനങ്ങളുമായി കരാർ ഉടമ്പടി വച്ചിട്ടുണ്ടെങ്കിലും പ്രവർത്തി ആരംഭിക്കുന്ന

തീയതിയും പൂർത്തിയാക്കേണ്ട തീയതിയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉടമ്പടി പാലിച്ചിട്ടില്ല. ഫൈനൽ ബിൽ പ്രകാരം എസ്റ്റിമേറ്റ് തുകയിലും കുറവാണ് ചെലവ് വരുന്നതെങ്കിൽ ബാക്കി തുക തിരിച്ചടയ്ക്കുന്നതു സംബന്ധിച്ചും കരാർ ഉടമ്പടിയിൽ പറഞ്ഞിട്ടില്ല. പ്രോജക്ട് പ്രകാരം പ്രവർത്തിയുടെ ഗുണം പ്രവർത്തിയുടെ സമയം ഇവ കുടിവെള്ള പ്രവർത്തികളുടെ കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പും സ്ട്രീറ്റ് ലൈൻ വലിക്കൽ ഊർജ്ജം വർക്കിംഗ് ഗ്രൂപ്പും മേൽനോട്ടം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ മേൽനോട്ടം നടത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ കാണുന്നില്ല.
ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. നിർവ്വഹണപുരോഗതി ജില്ലാ ആസൂത്രണസമിതി വിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

## 3-3 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ; 3/17-18

പ്രോജക്ടിന്റെ പേര് : ഐ.കെ.എം. വിഹിതം

പ്ലാൻ ഫണ്ട് : 1,35,603/-

ചെലവ് : 1,35,603/-(ബിൽ നം.6/17-18/207.17)

ടി പ്രോജക്ട് പ്രകാരം പ്ലാൻഫണ്ടിൽ നിന്നും 1,35,603/- രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ ടെക്നോളജിക്ക് ഐ.കെ.എം വിഹിതമായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവായ തുക തടസ്സപ്പെടുത്തുന്നു.

## 3-4 ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം - അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 49 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 49 വർക്കറും, 49 ഹെൽപ്പറും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.
അങ്കണവാടികളുടെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ

I)സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം-16
II)വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം- 16
III)വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം - 01
IV)ഫാൻ ഇല്ലാത്തവയുടെ എണ്ണം - 01
V)ചുറ്റ് മതിൽ ഇല്ലാത്തവയുടെ എണ്ണം-44
VI)ബേബി ഫ്രണ്ടലി ടോയലറ്റ് ഇല്ലാത്തവയുടെ എണ്ണം - 46
VII)ചുറ്റമതിൽ ഇല്ലാത്ത റോഡ് സൈഡിലുള്ള അങ്കണവാടികളുടെ എണ്ണം.- 7

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.
4. വൈദ്യുത കണക്ഷൻ ഇല്ലാത്തതും, ബേബി ഫ്രൺണ്ട്ലി ടോയ്ലറ്റും, ഫാനിലാത്തതുമായ അങ്കണവാടികൾക്ക് ആയത് ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-5 തൊഴിലുറപ്പ് പദ്ധതി - ഏറ്റെടുത്ത പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കി

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുകയും അവ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും ഏറ്റെടുത്തു നടത്തിയതിലൂടെ മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തൻവർഷം ഏറ്റെടുത്തു നടത്തിയ ശ്രദ്ധേയമായ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 208 | 15010000 |
| 2 | വെള്ളപ്പൊക്കനിയന്ത്രണം | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |
| 3 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 79 | 193480000 |
| 4 | ജലസംരക്ഷണം | 11 | 1797000 |
| 5 | റൂറൽ സാനിട്ടേഷൻ | 45 | 540000 |
| 6 | ചെറുകിട ജലസേചനം | 1 | 59000 |
| 7 | വനവൽക്കരണം | 48 | 6282000 |
| 8 | റൂറൽ കണക്ടിവിറ്റി | 51 | 11700000 |
| | ആകെ | 443 | 54736000 |

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ കയർ ഭൂവസ്ത്രം, മൺ തടയണകൾ തുടങ്ങിയ മറ്റു പദ്ധതികൾ കൂടി കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പദ്ധതി പൂർത്തീകരിച്ചിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു

കന്നുകുട്ടി പരിപാലനം പദ്ധതിക്കായി (S0073/18) 2017-18 വർഷം ബിൽ നം. 1/17-18 പ്രകാരം 4,00,000 രൂപയും, ബിൽ നം. 6/17-18/24.3.18 പ്രകാരം 6,00,000രൂപയും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസിസ്റ്റന്റ് ഡയറക്ടർക്ക് 16.12.17 ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തികരിച്ചശേഷം സാക്ഷ്യപത്രം നൽകുന്നതാണെന്നുമുള്ള മറുപടിയാണ് ഹാജരാക്കിയത്. പദ്ധതി പൂർത്തികരിച്ചശേഷം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. തുക 10, 00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 മുട്ട കോഴിവളർത്തൽ എസ്സ്.റ്റി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

പട്ടികവർഗ്ഗ വിഭാഗം മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായ് 2017-18 വർഷം ബിൽ നം. 11/17-18 24.3.18 പ്രകാരം 12825/-രൂപ വികസനഫണ്ടും 4275/-രൂപ ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചിട്ടിട്ടുണ്ട്. ഊരുക്കൂട്ടസഭ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആന്ദവല്ലി, ജയന്തി, രാമചന്ദ്രൻ എന്നീ വ്യകതികൾക്ക് ആനുകല്യം അനുവദിച്ചിട്ടുണ്ട്, ഇവർക്ക് പദ്ധതി ആനുകൂല്യം നൽകുന്നതിനായി ഊരുക്കൂട്ടം സഭയുടെ അംഗീകാരം വാങ്ങിയിരുന്നില്ല. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന പഞ്ചായത്തുകളിൽ ഊരുക്കൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതും അതിൽ നിന്നും അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് വേണം ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്. ഊരുക്കൂട്ടയോഗങ്ങളിൽ എസ്.റ്റി പ്രമോട്ടറും ബന്ധപ്പെട്ട ഗ്രമപഞ്ചായത്ത് അംഗവും പങ്കെടുക്കണം. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് അടുത്ത ഊരുക്കൂട്ടസഭയുടെ അംഗീകാരം വാങ്ങുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ മാറ്റം വരുത്തിയതിന് ഊരുക്കൂട്ട സഭയുടെ സാധൂകരണം നേടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ക്ഷേമപെൻഷനുകൾ -സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ക്ഷേമപെൻഷനുകൾക്ക് ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയതും നടപടി സ്വീകരിക്കാത്തതുമായ അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം | സമയബന്ധിതമായി തീർപ്പാക്കിയവയുടെ എണ്ണം | തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 958 | 18 | 13 | 5 |
| വിധവാ പെൻഷൻ | 1420 | 119 | 88 | 31 |
| വികലാംഗപെൻഷൻ | 758 | 35 | 34 | 1 |
| വാർദ്ധക്യകാലപെൻഷൻ | 4763 | 422 | 140 | 182 |
| അവിവാഹിത പെൻഷൻ | 105 | 7 | 7 | 0 |

അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 6.7.18 ലെ സ.ഉ(എം.എസ്) നം. 241/18/ധന, 3.8.18 ലെ 278/18 ധന ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനായി 2017 മുതലുള്ള അപേക്ഷകൾ വീണ്ടും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഓരോ ക്ഷേമപെൻഷനും തീർപ്പ് കൽപ്പിക്കേണ്ടതിന് കൃത്യമായ കാലയളവ് ഉണ്ട്. ഗ്രാമപഞ്ചായത്തിൽ നടപടികൾ പൂർത്തിയാകാത്തത് എറ്റവും കൂടുതലുള്ള വാർദ്ധക്യകാല പെൻഷൻ 30 ദിവസത്തിനുള്ളിലാണ് തീർപ്പാക്കി പെൻഷൻ അനുവദിച്ച് നൽകേണ്ടത്. അന്വേഷണ ഉദ്യോഗസ്ഥന്റെ കൈവശമുള്ള അപേക്ഷകളിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകണം. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് പെൻഷൻ കിട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. അപേക്ഷകൻ മരണപ്പെട്ട് പോകുന്ന സാഹചര്യത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. 80 വയസ്സ് കഴിഞ്ഞവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കിവരുന്നത്, 80 വയസ്സ് കഴിഞ്ഞ അപേക്ഷകരുടെ വിവരങ്ങൾ പ്രത്യേകിച്ചും പ്രായം രജിസ്റ്ററിൽ രേഖപ്പെടുത്തി അതിനനുസരിച്ചാവണം ആനുകൂല്യം അനുവദിക്കേണ്ടത്. പെൻഷൻ വിതരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ഭാഗത്ത് നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

ക്ഷേമപെൻഷനുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകൾ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തിയതി, അന്വേഷണ റിപ്പോർട്ട് ഹാജരാക്കിയ തീയതി, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും, ഭരണസമിതിയുടെയും തീരുമാനം പെൻഷൻ ആനുകൂല്യം നൽകിയ തീയതി, എന്നിവയെല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-9 കൃഷിമേഖലയിലെ പ്രൊജക്ടുകൾ, ജൈവവളങ്ങളുടെ വാങ്ങലുകൾ സംബന്ധിച്ച്

2017-18 വർഷം കൃഷിയോടനുബന്ധിച്ച് നടപ്പാക്കിയ എല്ലാ പ്രോജക്ടുകളിലും ജൈവവളം സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരം കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ, തുടങ്ങിയവ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ, നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവയിൽനിന്ന്, കൃഷി ഓഫീസർ കൺവീനർ ആയ പർച്ചേയ്സ് കമ്മറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷിവകുപ്പ് നിശ്ചയിക്കേണ്ടതാണ്. കൃഷിഓഫീസർ നടപ്പാക്കിയ പദ്ധതികളായ ജൈവപച്ചക്കറി കൃഷിക്ക് 9211 kg കോഴിവളം സമഗ്ര നെൽകൃഷി വികസനപദ്ധതിക്ക് 15500 kg ലൈംഷെൽ, കേരഗ്രാമം പദ്ധതിക്ക് 31250 kg നീംകേക്ക്, നെല്ല് ഗ്രാമം പദ്ധതിക്ക് 2500 kg നീംകേക്ക്, 2500 kg ലൈംഷെൽ തുടങ്ങിയവ റെയ്ഡ്കോയിൽ നിന്ന് ക്വട്ടേഷൻ മുഖേന വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ വാങ്ങലുകൾക്ക് പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചതിന്റെ മിനിട്സ് ബുക്ക്, മറ്റ് രേഖകൾ ഹാജരാക്കിയില്ല. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന വളങ്ങളുടെ വാങ്ങലിലൂടെ പ്രാദേശികമായുള്ള ഗ്രൂപ്പുകൾക്ക് വരുമാനമാർഗ്ഗവും ഒരു പ്രോത്സാഹനവും ആയിരിക്കും. അതിനാൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന വളങ്ങളുടെ ലഭ്യത പരിശോധിച്ച് കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

## 3-10 ജൈവപച്ചക്കറി കൃഷി - വളം, പച്ചക്കറി വിത്തുകൾ വിതരണരേഖകൾ പൂർണ്ണമല്ല

നിർവ്വഹണോദ്യോഗസ്ഥ – കൃഷി ഓഫീസർ

പ്രൊജക്ട് നം. S0099/18

അടങ്കൽ - 500000/- (വികസന ഫണ്ട്)

-69000/- (ഗുണഭോക്തൃ വിഹിതം)

-170000 (മറ്റുള്ളവ)

ബിൽ നം -7/17-18/12.01.18, 33000/-

ബിൽ നം -11/17-18/12.01.18, 82000/-

ബിൽ നം -16/17-18/29.1.18 206731/-

ബിൽ നം -20/17-18/28.2.18 16100/-

ബിൽ നം -37/17-18/24.3.18 153000/-

ജില്ലാപഞ്ചായത്ത് വിഹിതം - 153000/- (ചെക്ക് നം.1260600/24.3.18)

ബിൽ നം -40/17-18/28.3.18 18500/-

ജില്ലാപഞ്ചായത്ത് വിഹിതം - 17000/- (ചെക്ക് നം.1260600/24.3.18)

ഗുണഭോക്തൃ വിഹിതം - 72450/-

സ്റ്റേറ്റ് സീഡ് ഫാം അറുന്നൂറ്റിമംഗലം എന്ന സ്ഥാപനത്തിൽ നിന്നും ഒരു പായ്ക്കറ്റിന് 50/- നിരക്കിൽ 2415 പച്ചക്കറി വിത്തുകളുടെ പായ്ക്കറ്റും റെയ്ഡ്കോയിൽ നിന്ന് വളവും ചുവടെ ചേർക്കും പ്രകാരം വാങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| 660 packt | invoice no.SFA 13/17-18/8.11.17 | 33000/- |
| 1640 pkt | invoice no.SFA 18/17-18/18.12.17 | 82000/- |
| 110 pkt | invoice no.SFA 31/17-18/06.01.18 | 5500/- |
| 5pkt | invoice no.SFA 34/17-18/16.02.18 | 250/- |

.

| product | quantity | rate | Total rate | |
|---|---|---|---|---|
| കോഴിവളം | 61410 kg | 4.49/kg | 275730 | Invoice no alp./1619/17-18.27/01/18 |
| | 3071 | 4.49 | 13788.79 | Alp./1768/17-18/15/02/18 |

വാങ്ങിയ പച്ചക്കറി വിത്തുകളും വളവും വാർഡ് കൺവീനർമാർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ പച്ചക്കറി പായ്ക്കറ്റുകളുടെയും വളത്തിന്റെയും അളവ് ലഭ്യമായില്ല. വിതരണരേഖകളുടെ അഭാവത്തിൽ പച്ചക്കറിവിത്തുകളുടെയും, വളത്തിന്റെ വില 410268/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 സമഗ്ര നെൽകൃഷി വികസനപദ്ധതി അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥ - കൃഷി ഓഫീസർ

പ്രൊജക്ട് നം. S0044/18

അടങ്കൽ - 1455000/- (വികസനഫണ്ട്)

-513000/- (ഗുണഭോക്തൃവിഹിതം)

-722500 (മറ്റുള്ളവ)

ബിൽ നം -3/17-18/27.9.17, 18622
ബിൽ നം -1/17-18/27.9.17, 339600/-

ബിൽ നം -4/17-18/23.10.17, 14520/-

ഗുണ ഭോകതൃ വിഹിതം - 18622

ഗുണ ഭോകതൃ വിഹിതം- 46500/-

ജില്ലാപഞ്ചായത്ത് വിഹിതം -518500/-

ബിൽ നം -13/17-18/20.1.18, 10438/-

ബിൽ നം -14/17-18/20.1.18, 518500/-

ബിൽ നം -5/17-18/12.1.18, 56400/-

ബിൽ നം -8/17-18/12.01.18, 53379/-

ബിൽ നം - 9/17-18/12.01.18, 84517/-

ബിൽ നം -10/17-18/12.01.18, 85000/-

ജില്ലാപഞ്ചായത്ത് വിഹിതം -95200/-

ബിൽ നം -17/17-18/22.02.18, 95200/-

ബിൽ നം -18/17-18/22.02.18, 9824/-

ജില്ലാപഞ്ചായത്ത് വിഹിതം -95438/-

a) സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി റെയ്ഡ്കോയിൽ നിന്ന് രാസവളവും ജൈവവളവും ചുവടെ ചേർക്കും പ്രകാരം വാങ്ങിയിട്ടുണ്ട്. വളം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല, രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

| Product | Invoice no. | Quantity | Rate | value | Gst 2.5% | Total value |
|---|---|---|---|---|---|---|
| യൂറിയ | invoice no.alpy/634 /2017-18 | 1000 kg | 5.62 | 5620 | 140 | 5901/- |
| ഫാക്ടംഫോസ് | | 1350 | 17.20 | 23220 | 580 | 24381/- |
| പൊട്ടാഷ് | | 600 | 11.05 | 6630 | 165.75 | 6961/- |
| ലൈംഷെൽ | Invoice no.alpy/1254/17-18 /11.12.17 | 6000kg | 11.33 | 67980 | Gst-5% 3399 | 71379/- |
| ലൈംഷെൽ | Invoice no.alpy/1289/17-18 /15.12.17 | 9500kg | 11.33 | 107635 | 5381 | 113016.76/- |
| ആകെ | | | | | | 221638.76/- |

വളം സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 221638.76/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

b) കൃഷി പദ്ധതികളുടെ നടത്തിപ്പ് - വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക്

കൃഷിയുമായി ബന്ധപ്പെട്ട് വിത്തുകകളും വളവും തൈകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളൊന്നും ചിട്ടയോടെ അടുക്കിയിരുന്നില്ല. ഹാജരാക്കിയവ തന്നെ അപൂർണ്ണവുമായിരുന്നു. പദ്ധതികൾ വിഭാവന ചെയ്യുന്നതോടൊപ്പം പദ്ധതികളുടെ നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മറ്റികളും നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ്. പദ്ധതികളുടെ ലക്ഷ്യങ്ങളും ഗുണങ്ങളും എല്ലാവരിലും എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട കടമ വർക്കിംഗ് ഗ്രൂപ്പിനുണ്ട്. വാർഡ്തല കൺവീനർമാർ മുഖേന വിതരണം ചെയ്ത വളങ്ങളും വിത്തുകളും യഥാർത്ഥ ഗുണഭോക്താവിൽത്തന്നെ എത്തിച്ചേരുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പാക്കണം. മാർഗ്ഗരേഖ പ്രകാരം കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെയും വളങ്ങളുടെയും അളവും തൂക്കവും

നിശ്ചയിക്കേണ്ടത്. വാർഡ്തല കൺവീനർമാർ ഹാജരാക്കിയ വിതരണം അതേപടി അംഗീകരിക്കുകയാണുണ്ടായിട്ടുള്ളത്. അതിനാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി കൂടി പ്രവർത്തിക്കേണ്ടതാണ്.

## 3-12 റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും - സർക്കാർ നിർദ്ദേശം പാലിക്കണം

നിർവ്വഹണോദ്യാഗസ്ഥ - കൃഷി ഓഫീസർ

പ്രൊജക്റ്റ് നം. S0162/18

അടങ്കൽ - 20,000/- (വികസനഫണ്ട്)

ബിൽ നം - 32/17-18 /21.3.18 , 20,000 /-

മണ്ണഞ്ചേരി ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് വിപണനസംവിധാനം പദ്ധതി നടപ്പാക്കുന്നതിനായി ആഴ്ചചന്ത എന്ന ഗ്രൂപ്പിനെ മാർക്കറ്റ് നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ഗ്രൂപ്പിന് കച്ചവടാവശ്യത്തിനായി 8 കുട്ടകൾ, ത്രാസ്സ് എന്നിവ വാങ്ങിയ ഇനത്തിൽ പതിനായിരം രൂപ റെയ്ഡ്കോയ്ക്ക് നൽകുകയും 10,000/- രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ ഗ്രൂപ്പിന്റെ കൺവീനർക്ക് കൈമാറുകയുണ്ടായി. സ.ഉ.(എം.എസ്)നമ്പർ 80/2017/തസ്വഭവ, തീയതി,3.04.2017 പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല, താൽക്കാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്. ഇത് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണം. അതിന് കൃഷിഓഫീസർ ഇ എം ഐ നിശ്ചയിച്ച് നൽകണം, റിവോൾവിംഗ് ഫണ്ട് റൂരുപ്പ് മെന്റിനായി നിർവ്വഹണോദ്യഗസ്ഥന്റെ പേരിൽ ബാങ്ക് അക്കൌണ്ട് ഓപ്പൺ ചെയ്യണം, സംരഭം പ്രവർത്തിപ്പിച്ച് ഫലം കാണുന്നില്ലെങ്കിൽ തുകയും പലിശയും തിരിച്ച് പിടിക്കാൻ ബന്ധപ്പെട്ട നിയമപ്രകാരം നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ച് കരാറിൽ വ്യവസ്ഥ ചെയ്യണം. റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആഴ്ച ചന്തയ്ക്കുശേഷം തുക തിരികെ കൃഷി ഓഫീസർക്ക് നൽകുകയും വീണ്ടും ആ തുക കൈപ്പറ്റുകയുമാണ് പതിവ്. റിവോൾവിംഗ് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് മേൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. മേൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൃഷിഓഫീസറുടെയും ക്ലസ്റ്റർ ആഴ്ചചന്ത ചെയർമാന്റയും കൺവീനറുടെയും പേരിൽ ജോയിന്റ് അക്കൌണ്ട് മണ്ണഞ്ചേരി ജില്ലാ സഹകരണ ബാങ്കിൽ തുടങ്ങിയിട്ടുണ്ടെന്നും മാർഗ്ഗരേഖയിലെ മറ്റ് നിർദ്ദേശങ്ങൾ നിലവിൽ പാലിച്ചിട്ടില്ല എന്നും തുടർന്ന് മാർഗ്ഗരേഖ പ്രകാരം പ്രവർത്തിക്കുന്നതായിരിക്കും എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ടിന്റെ രൂപീകരണവും വിനിയോഗവും സംബന്ധിച്ച് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പിൻതുടരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സിസിടിവി ക്യാമറ-ക്വട്ടേഷൻ ഒഴിവാക്കി

ഓഫീസ് കെട്ടിടത്തിൽ CCTV ക്യാമറകൾ വെയ്ക്കുന്നതിന്റെ ഭാഗമായി ക്യാമറകൾക്കും അനുബന്ധ സാധനങ്ങൾക്കുമായി വൌച്ചർ നം.21700251/17.05.2017 പ്രകാരം 10605/-രൂപയും മോണിറ്ററിനും അനുബന്ധ ഉപകരണങ്ങൾക്കുമായി വൌച്ചർ നം.21700252/17.05.2017 പ്രകാരം 11700/-രൂപയും ചേർത്ത് 22305/- രൂപ ബി വി എം ടെക്നോളജി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2012-ലെ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം 5000/-രൂപയ്ക്ക് മുകളിലും 25000/-രൂപയ്ക്ക് താഴെയുള്ള പർച്ചേസുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഇതുസംബന്ധമായ വ്യവസ്ഥകൾ പ്രകാരം 15000/- രൂപയ്ക്കുമുകളിലുള്ള പ്രവർത്തനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ചാണ് ചെയ്യേണ്ടത്. CCTV ക്യാമറയുടെ ഭാഗം തന്നെയാണ് മോണിറ്ററും അനുബന്ധ ഉപകരണങ്ങളും. ഇപ്രകാരം ക്വട്ടേഷൻ ഒഴിവാക്കി ഒരേ പ്രവർത്തനത്തിന് രണ്ട് വൌച്ചറുകൾ പ്രകാരം തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/12.11.2018) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 22305/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 മൽസ്യ തൊഴിലാളികൾക്ക് വല പദ്ധതി-രേഖകളുടെ അഭാവം

പ്രോജക്റ്റ് നം. : 75/2017-18

പ്രോജക്ടിന്റെ പേര് : മൽസ്യതൊഴിലാളികൾക്ക് വല

ചെലവ് : 15000/-

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 6 മൽസ്യതൊഴിലാളികൾക്ക് 2500/-രൂപ വീതം 15000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്വന്തമായി വള്ളങ്ങളുള്ള മൽസ്യതൊഴിലാളികൾക്ക് മാത്രമേ പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം നൽകാൻ കഴിയുകയുള്ളൂ. എന്നാൽ മേൽ പദ്ധതിയിൽ ആനുകൂല്യം വാങ്ങിയ ആളുകൾക്ക് സ്വന്തമായി വള്ളമുണ്ട് എന്നതെളിയിക്കുന്ന രേഖകളോ ഇതുസംബന്ധിച്ച

സാക്ഷ്യപത്രമോ ഫയലിൽ ചേർത്തിട്ടില്ല. മാത്രവുമല്ല ഗ്രാമസഭ തെരെഞ്ഞെടുത്ത ഗുണഭോക്തൃപട്ടികയിലെ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകിയിട്ടുള്ളതായും കാണുന്നു. ഉദാഹരണത്തിന് ശ്രീ.അനീഷ്കുമാർ, കോതിരപ്പുറം, പൊന്നാട് എന്ന ഗുണഭോക്താവ് വാർഡ് 4-ലെ പട്ടികയിൽ 23-ാമനാണ്. ശ്രീ.ഭാസ്കരൻ, കണ്ണൻ നിവാസ്, പൊന്നാട് എന്നയാൾ 4-ാംവാർഡിലെ 20-ാമനാണ്. പട്ടികയിൽ മുന്നിലുള്ളവരെ മറികടന്ന് ഇവർക്ക് ആനുകൂല്യം നൽകിയതു സംബന്ധിച്ച് കാരണമെന്തെങ്കിലും രേഖപ്പെടുത്തിയിട്ടില്ല. ടി വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12.11.2018) മറുപടി ലഭ്യമായിട്ടില്ല. രേഖകളുടെ അഭാവത്തിൽ 15000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വാഹനത്തിന്റെ അറ്റകുറ്റപ്പണി -ക്വട്ടേഷൻ ക്ഷണിച്ചില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ എൽ 4-എ ഡി 9000 എന്ന നമ്പരിലുള്ള ബൊലേറോ വാഹനത്തിന് അറ്റകുറ്റപ്പണികൾ നിർവഹിച്ചതിന് റ്റി വി സുന്ദരം അയ്യങ്കാർ & സൺസ് (പ്രൈ) ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് വൌച്ചർ നം.21700559/2.8.2017 പ്രകാരം 41195/-രൂപ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനപരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം ഇത്രയും തുകയ്ക്കുള്ള റിപ്പയർ ആവശ്യമായി വരുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവർത്തനം നിർവ്വഹിക്കേണ്ടത്. അംഗീകൃത വർക് ഷോപ്പുകളിലാണ് റിപ്പയർ നിർവഹിക്കുന്നതെങ്കിലും എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആവശ്യമാണ്. റിപ്പയർ സംബന്ധമായ ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ക്രമപ്രകാരമല്ലാതെ മേൽ പ്രവർത്തനം നിർവഹിച്ചത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/12.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധമായ സാധൂകരണ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 41195/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകളിലെ ന്യൂനതകളും പ്രോജക്ട് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. പ്രോ. നം. : 145/18 (എസ്.സി. നഴ്സറി സ്കൂൾ വാട്ടർ പ്യൂരിഫയർ, ഗ്യാസ് കണക്ഷൻ)

അടങ്കൽ : 50,000/- (വി.ഫ.-എസ്.സി.പി)

ചെലവ്: 50,000/-(1. ബിൽ നം- 18/17-18 തീ:08.02.2018- 29854/-

2. ബിൽ നം-23/17-18 തീ:21.03.2018- 20146/-)

13.11.2017- ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് (27960/-) ശ്രീമാതാ ഗ്രൂപ്പ് ഓഫ് കമ്പനീസ് എന്ന സ്ഥാപനമായിരുന്നു. പ്രസ്തുത സ്ഥാപനം 30 ലിറ്റർ വാട്ടർ ടാങ്ക് (Stainless steel) കപ്പാസിറ്റിയുള്ള വാട്ടർ പ്യൂരിഫയറിന് 2 വർഷ വാറന്റിയും ആജീവനാന്ത സർവ്വീസും (രണ്ട് മാസത്തിലൊരിക്കലുള്ളത്) വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 28.12.2017- ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം (5(1)) പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രണ്ട് സ്ഥാപനങ്ങളുടേയും ക്വട്ടേഷനുകൾ പരിശോധിച്ചുവെന്നും ഉപകരണങ്ങളുടെ സാമ്പിൾ പരിശോധനയിൽ Alkaline Catridge ഉള്ള വാട്ടർ പ്യൂരിഫയർ ആണ് ദീർഘനാളത്തെ ഉപയോഗത്തിന് അനുയോജ്യമായതെന്ന് ആസിഡ് ടെസ്റ്റിലൂടെ ബോധ്യപ്പെടുത്തിയിട്ടുള്ളതനാൽ ടി സംവിധാനം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള വാട്ടർ പ്യൂരിഫയർ നൽകുന്നതിന് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള Taj Health Solutions -ന്റെ ക്വട്ടേഷൻ അംഗീകരിച്ച് 29854/- രൂപയ്ക്ക് സപ്ലൈ ഓർഡർ നൽകി.

ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് ഉപോത്ബലകമായ ആസിഡ് ടെസ്റ്റിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2) 13.11.2017-ലെ PL-1962/17-ാം നമ്പർ ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമല്ല. ആയതിൽ Alkaline Catridge സ്പെസിഫിക്കേഷൻ നൽകിയിരുന്നോ എന്നു വ്യക്തമല്ല.

2) വാട്ടർ പ്യൂരിഫയറിന്റെ വാറന്റി, സർവ്വീസ് എന്നിവ സംബന്ധിച്ച്Taj Health Solutions എന്ന സ്ഥാപനവുമായിട്ടുള്ള കരാറിലേർപ്പെട്ടിട്ടില്ല. ശൂന്യമായ മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

ഇത് സംബന്ധമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ വാട്ടർ പ്യൂരിഫയറിനായി ചെലവഴിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. <u>പ്രോ. നം. : 143/18 (എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി)</u>

അടങ്കൽ : 17,00,000/-(വി.ഫ.-എസ്.സി.പി)

ചെലവ്: 17,00,000/-

പഠനമുറി നിർമ്മാണത്തിനായി 17 ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപ വീതം ആകെ 17 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. നിലവിലുള്ള 800 ചതുരശ്രയടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ കവിയാത്ത പഠനമുറിയ്ക്കാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 100 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള പഠനമുറിയുടെ 1,10,000/- രൂപയുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അളവ് രേഖപ്പെടുത്താതെയുള്ള മൂല്യനിർണ്ണയ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അളവ് രേഖപ്പെടുത്താതെ എപ്രകാരം മൂല്യം നിർണ്ണയിച്ചു എന്നു വ്യക്തമാക്കേണ്ടതാണ്. കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

1. ഉഷ ഡി, പുന്നാക്കിവെളി, VIII/453
2. ഷീബ സത്യൻ, തകിടിവെളി, XIII/480-A
3. ഷീബ അജയകുമാർ, ചിറയിൽ, V/278
4. ശ്രീജമോൾ സുമേഷ്, വെങ്ങളത്ത്, XX/433
5. മഹേന്ദ്രൻ വാഴച്ചിറ നികർത്തിൽ, XI/219

കൂടാതെ താഴെ പറയുന്ന 9 ഗുണഭോക്താക്കൾ പട്ടികജാതി വികസസന ഓഫീസിൽ നിന്നും ഇതേ ഇനത്തിന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1. മുരളി എൻ
2. സിന്ധു എസ്.
3. സുധർമ്മ ബി
4. ഉഷ ഡി.
5. അജയകുമാർ എൻ.
6. സൗമ്യ വിനോദ്
7. ഷീബ അജയകുമാർ
8. മഹേന്ദ്രൻ വാഴച്ചിറ നികർത്തിൽ
9. രാജേന്ദ്രൻ എം.കെ

അപാകതകളിന്മേൽ ആവശ്യമായ രേഖകളും വിശദീകരണവും ഓഡിറ്റിൽ അടിയന്തരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. ആയതിനാൽ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 14 ലക്ഷം രൂപ (14x100000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 <u>കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലു ചെയ്യുന്ന പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി</u>

2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ബേസ്മെന്റ് ഫില്ലിംഗ് പ്രവൃത്തിയിൽ കരാറുകാരന്റെ മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിന് കൂടുതൽ നിരക്ക് നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പ്രോ.നം. 169/18

അംബേദ്കർ സ്മാരക സ്കിൽ ഡെവലപ്മെന്റ് സെന്റർ

അടങ്കൽ -1250000/- (വി.ഫ)

ചെലവ്- 1247779/-

പ്രവൃത്തിമൂല്യം- 1247779/-

( CC 1st & part Bill- ബിൽ നം.61/17-18 തീയതി: 31.03.18-5,22,101/-)

അളവ് പുസ്തകം- 36/17-18

കരാറുകാരൻ- ഷാഹുൽ ഹമീദ് നൈന

എസ്റ്റിമേറ്റ് ഇനം 24 ആയി Filling with gravelly earth and banking excavated earth in layers not exceeding 20 cm... എന്ന ഇനത്തിന് ഒബ്സർവഡ് ഡാറ്റ (od192419/2017_18)തയാറാക്കിയിട്ടുണ്ട്. (CI 57.84%)

ഇത് പ്രകാരം ഒരു ക്യൂബിക് മീറ്ററിന്റെ നിരക്ക് 1192.73/m3 ആണ്. അളവ് പുസ്തകം പേജ് നം. 73 പ്രകാരം 15.637 $m^3$ ന് 1192.73 നിരക്കിൽ 18650.71 രൂപ നൽകിയിട്ടുണ്ട്.

2) പ്രോ നം. 148/18

മണ്ണഞ്ചേരി പി.എച്ച്.സി പാലിയേറ്റീവ് കേന്ദ്രം

അടങ്കൽ -825000/- (വി.ഫ 725000+ ത.ഫ100000)

പാർട്ട് ബിൽ പ്രകാരം ചെലവ്- 212134/- ( CC 1st & part Bill- ബിൽ നം.56/17-18 തീയതി: 31.03.18)

പാർട്ട് ബിൽ പ്രവൃത്തിമൂല്യം- 235705/-

അളവ് പുസ്തകം-19/17-18

കരാറുകാരൻ- അനസ് കെ.എം.

എസ്റ്റിമേറ്റ് ഇനം 4 ആയി Filling with contractor’s own earth(excluding rock) in trenches, plinth, sides of foundations etc. in layers not exceeding 20 cm... എന്ന ഇനത്തിന് ഒബ്സർവഡ് ഡാറ്റ (od190412/2017_18)തയാറാക്കിയിട്ടുണ്ട്. (CI 57.84%)

ഇത് പ്രകാരം ഒരു ക്യൂബിക് മീറ്ററിന്റെ നിരക്ക് 1163.58/$m^3$ ആണ്. അളവ് പുസ്തകം പേജ് നം. 23 പ്രകാരം 9.04 $m^3$ ന് 1163.00 നിരക്കിൽ 10513.52 രൂപ നൽകിയിട്ടുണ്ട്.

മേൽ രണ്ടു പ്രോജക്ടുകളിൽ Earth filling ന് വ്യത്യസ്ത നിരക്കുകളാണ് നൽകിയിരിക്കുന്നത്. എന്നാൽ ബേസ്മെന്റ് ഫില്ലിംഗിന് അനുവദനീയമായ നിരക്ക് താഴെ കൊടുക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for one each | | | | |
| MR | Gravelly Earth | cum | 1.00000 | 600.00 | 600.00 |
| 0114 | Beldar | Day | 0.08900 | 368.00 | 32.752 |
| 0115 | Coolie | Day | 0.10700 | 368.00 | 39.376 |
| 0101 | Bhisti | Day | 0.03500 | 407.00 | 14.245 |
| | TOTAL | | | | 686.37 |
| | cost for one cum | | | | 686.37 |

| | |
|---|---|
| Add Water Charges @ 1.0% | 6.86 |
| Add CPOH Profit @ 15.0% | 103.98 |
| SAY | 797.21 |
| Cost index 57.84 % | 58.03 |
| Total with Cost index | 855.24 |

ഇതിൽ നിന്നും 1 എം$^3$ ന് നൽകാവുന്ന പരമാവധി നിരക്ക് 855.24/$m^3$ ആയിരിക്കേ അനുവദനീയമായ തുക താഴെ കൊടുക്കുന്നു.

1) പ്രോ.നം. 169/18

അംബേദ്കർ സ്മാരക സ്കിൽ ഡെവലപ്മെന്റ് സെന്റർ

അളവ് പുസ്തകം പേജ് നം. 73 പ്രകാരം 15.637 $m^3$ ന് 1192.73 നിരക്കിൽ 18650.71 രൂപ നൽകിയിട്ടുണ്ട്.

അർഹമായ തുക= 15.637 @ 855.24/$m^3$ => 13373.39

അധികം നൽകിയത് = 18650.71-13373.39 = 5277.32/- രൂപ

2) പ്രോ നം. 148/18

മണ്ണഞ്ചേരി പി.എച്ച്.സി പാലിയേറ്റീവ് കേന്ദ്രം

അളവ് പുസ്തകം പേജ് നം. 23 പ്രകാരം 9.04 $m^3$ ന് 1163.00 നിരക്കിൽ 10513.52 രൂപ നൽകിയിട്ടുണ്ട്.

അർഹമായ തുക= 9.04 @ 855.24/$m^3$ => 7731.37

അധികം നൽകിയത് = 10513.52-7731.37 = 2782.15/- രൂപ

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിൽ മേൽ രണ്ടു പ്രോജക്ടുകളിലുമായി ആകെ അധികം നല്കിയ തുക 8059/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-18 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ/കൺവീനർ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | 60/AE/LSGD/16-17 dt: 10.03.2017<br>ഷാഹുൽ ഹമീദ്<br>60/17<br>(817518/-രൂ.)<br>പ്രോ.നം. 192/17(അമ്പലമുക്ക് തെരുവിൽ കിഴക്കേപറമ്പ് റോഡ് ടാറിംഗ് വാർഡ്-18) | 5 മാസം.<br>(10.08.2017) | 27.09.2017 | 5723/- |

| | | | | |
|---|---|---|---|---|
| | പ്രവൃത്തിമൂല്യം-817518/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 28/17-18 /22.12.17- 680933/-)<br>തനത് ഫണ്ട് വൗ.നം.- 21701063/30.11.17 136585/- | | | |
| 2 | 55/AE/LSGD/16-17 dt: 02.03.2017<br>പി.എൻ. ദാസൻ<br>55/17<br>(17,05,633/-രൂ.)<br>പ്രോ.നം. 195/17(എലിപ്പനം കായലോരം റോഡ് ടാറിംഗ്-വാർഡ് 4)<br>പ്രവൃത്തിമൂല്യം-1583871/-<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>14,90,000/- രൂപ (ബിൽ നം. 07/17-18/30.08.2017)<br>42000/-(ബിൽ നം. 08/17-18/30.08.2017)<br>തനത് ഫണ്ട് വൗ.നം.21701836/30.03.2018 51871/- | 3 മാസം.<br>(02.06.2017) | 20.06.2017 | 3411/- |
| 3 | 56/AE/LSGD/16-17 dt: 07.03.2017<br>മൗലാനാ അബ്ദുൾ കലാം അസാദ് കെ.എ.<br>56/17<br>(965025/-രൂ.)<br>പ്രോ.നം. 188/17(തൈവളി ചങ്ങംപോട് റോഡ് ടാറിംഗ് വാർഡ്-20)<br>പ്രവൃത്തിമൂല്യം-965025/-<br>രൂപ ( നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 29/17-18 /22.12.17- 8,00,000/-)<br>തനത് ഫണ്ട് വൗ.നം.- | 3 മാസം.<br>(07.06.2017) | 15.09.2017 | 13510/- |

| | | | | |
|---|---|---|---|---|
| | 21701062/30.11.17 165025/- | | | |
| 4 | 57/AE/LSGD/16-17 dt: 07.03.2017<br>മൗലാനാ അബ്ദുൾ കലാം അസാദ് കെ.എ.<br>57/17,57A/17<br>(6,66,742/-രൂ.)<br>പ്രോ.നം. 191/17(പറത്തറ ചേന്നനാട് വരകാടി റോഡ് ടാറിംഗ്- വാർഡ് 1)<br>പ്രവൃത്തിമൂല്യം-666742/-<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>441919/- രൂപ(CC 1st & Part Bill)<br>(ബിൽ നം. 16/17-18 /11.09.2017)<br>158081/-(ബിൽ നം. 27/17-18/22.12.2017)<br>തനത് ഫണ്ട് വൗ.നം.- 21701061/30.11.2017 66742/- | 3 മാസം.<br>(07.06.2017) | 22.06.2017 | 1333/- |
| | | | ആകെ | 23977/- രൂപ |

ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

മേൽ പ്രവൃത്തികളിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും പ്രോജക്ട് മോണിറ്ററിംഗിന് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ശരിയാംവണ്ണം ശ്രദ്ധ ചെലുത്തുന്നില്ലായെന്ന് വ്യക്തമാകുന്നു. ഈ വിഷയത്തിലേക്ക് വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ 2016-17 വർഷം നടപ്പാക്കിയ പെരുന്തുരുത്ത് കരി പാടശേഖരം -ചാലുകൾക്ക് ആഴം കൂട്ടൽ എന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാതിരുന്നിട്ടും ടിയാനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. - 179/17

കരാറുകാരൻ - മൗലാനാ അബ്ദുൾ കലാം ആസാദ് കെ.എ.

കരാർ നം-69/AE/LSGD/16-17/18.03.2017

Agreed പി.എ.സി. - 524914/-

ബിൽ നം. 42/17-18/28.02.2018–223119/-

തനത് ഫണ്ട് വൗച്ചർ നം. 21701501/ തീയതി. 09.03.2018– 209366/-

തനത് ഫണ്ട് വൗച്ചർ നം.21701500/ തീയതി. 09.03.2018 – 90634/-

24.02.2017-ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാറിലേർപ്പെടേണ്ടിയിരുന്ന അവസാന തീയതി – 10.03.2017

കരാർ തീയതി- 18.03.2017

പിഴ - 1% = 524914/- X 1% = 5249/- രൂപ.

ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-20 മൂല്യ നിർണ്ണയത്തിലെ അപാകത മൂലം കൺവീനർക്ക് അധിക തുക നൽകി

2016-17 വർഷത്തെ "ചിയാംവെളി തോട്ടചിറ റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ്- വാർഡ് 18" എന്ന പ്രോജക്റ്റ് കൺവീനർ പ്രവൃത്തിയായി 2017-18 -ൽ സ്പിൽ ഓവർ ആയി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം. - 129/17
സ്പിൽ ഓവർ നം. – 10/18
അടങ്കൽ- 178750/-(വി.ഫ)
ചെലവ്- 128935/-(ബിൽ നം. 20/17-18 തീയതി: 20.10.17)

കൺവീനർ - പുരുഷോത്തമൻ

അളവ് പുസ്തകം - 09/17

പ്രവൃത്തി മൂല്യം - 160185/-(പേജ് നം. 22,23)

പ്രവൃത്തിയുടെ അളവ് ബുക്കിൽ പ്രവൃത്തിയുടെ ആകെ മൂല്യം 160185/- രൂപ നിർണ്ണയിക്കുകയും ഡിപ്പാർട്ട്മെന്റ് സപ്ലൈ ആയ ബിറ്റുമിന്റെ വിലയിൽ പ്രവൃത്തിയ്ക്ക് ചെലവായ ടാർ വില(31250/-) കിഴിച്ച് തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതിയുടെ കണക്കു പ്രകാരമുള്ള ആകെ ചെലവ്, അളവ് ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം ഇവയിൽ ഏതാണോ കുറവ് അതു മാത്രമാണ് അനുവദനീയം. എന്നാൽ മേൽ പ്രോജക്റ്റിൽ ഗുണഭോക്തൃസമിതിയുടെ അംഗീകൃത കണക്ക് പ്രകാരമുള്ള ആകെ ചെലവ് 158651/- രൂപയാണ്. എന്നാൽ ഇത് പരിഗണിക്കാതെ അളവു ബുക്ക് പ്രകാരമുള്ള തുക നൽകിയതു മൂലം1534/- രൂപ കൺവീനർക്ക് അധികമായി നൽകി.

മേൽ ന്യൂനത കൂടാതെ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും KVAT 5% ഈടാക്കേണ്ടതിനു പകരം പ്രവൃത്തിമൂല്യത്തിൽ നിന്നും ഡിപ്പാർട്ട്മെന്റ് സപ്ലൈ ആയ ബിറ്റുമിന്റെ വില കിഴിച്ചുള്ള മൂല്യത്തിന്മേലാണ് KVAT 5% ഈടാക്കിയിരിക്കുന്നത്. മറ്റുള്ള കൺവീനർ പ്രവൃത്തികളിലെല്ലാം തന്നെ ആകെ പ്രവൃത്തിമൂല്യത്തിന്മേലാണ് KVAT കണക്കാക്കിയിട്ടുള്ളത്.

ഈടാക്കിയ KVAT 5% = 5458

ഈടാക്കേണ്ടിയിരുന്നത് = 158651 x 5% = 7933/-

വ്യത്യാസം = 2475/- രൂപ

പ്രസ്തുത പ്രവൃത്തിയിൽ ഇപ്രകാരം ആകെ 4009/- രൂപ കൺവീനർക്ക് അധികം നൽകിയതായി കാണുന്നു.

അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതയുടെ അടിസ്ഥാനത്തിൽ അധിക തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 7797775 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 699707 | 80068 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 158747 | -ടി- | 158747 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 525500 | 74500 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 700000 | കേര ഗ്രാമം | 687000 | 13000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 700000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | തോടിന് ആഴം കൂട്ടൽ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 722500 | നെൽകൃഷി വികസനം | 709138 | 13362 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പാലിയേറ്റീവ് | 0 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | ജൈവ പച്ചക്കറി കൃഷി | 170000 | 0 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701912 | 2316000 | 0 | 2316000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701913 | 1374316 | 0 | 1374316 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701654 | 228961 | 0 | 228961 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701582 | 1335200 | 0 | 1335200 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701616 | 699707 | 0 | 699707 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 211701854 | 158747 | 0 | 158747 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഉണ്ട്/ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 318/2010 /ത.സ.ഭ.വ. | 21562500 | 4968750 | 2156250 | | 2812500 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20644/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2014-15 | 3(6) | 6000 | ശശികുമാർ.എൻ.കെ മഠത്തിൽ വെളി | 117010100663/15.6.2017 |
| 2015-16 | 3(2) | 14644 | അജിത് പ്രസാദ്, കൊല്ലംപറമ്പ് | 117050100289 |
| ആകെ | | 20644 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(3) | | | തൊഴിൽനകുതി ഈടാക്കിയതിൽ കുറവ്.<br>1. PHC.കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ.ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934 രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈടാക്കിയ നികുത് 1000/- ആണ്. ശേഷിച്ച 250/- രൂപ ഈ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.<br>2. ഫെഡറൽബാങ്ക് മണ്ണഞ്ചേരി-സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.<br>3. കേരള ഗ്രാമീൺബാങ്ക്, മണ്ണഞ്ചേരി-സ്ഥാപനനികുതി ഒടുക്കിയിട്ടില്ല<br>4. എസ്.ബി.ഐ. കലവൂർ-സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. | 1.24.6.2017 തീയതിയിലെ 117010100811 നമ്പർ രസീത് പ്രകാരം ശേഷിച്ച 250/- അടവാക്കിയിട്ടുണ്ട്.<br>ഫെഡറൽബാങ്ക് മണ്ണഞ്ചേരി, 16.11.16 തീയതിയിലെ11605400015 രസീത് പ്രകാരം 2500/- രൂപ അടവാക്കിയിട്ടുണ്ട്<br>കേരള ഗ്രാമീ ൺ ബാങ്ക് 2015-16 മുതൽ പ്രവർത്തനം അവസാനിച്ചതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു.<br>എസ്.ബി.ഐ.കലവൂർ 22.12.2016 തീയതിയിലെ 11605104902 രസീത് പ്രകാരം 2500/- രൂപ അടവാക്കിയിട്ടുണ്ട്. |

4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റിന്റെ വിവരം | | ഉൾപ്പെട്ട തുക | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചാർജ്ജ് | സർ ചാർജ്ജ് | ചാർജ്ജ് | സർ ചാർജ്ജ് | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| (1) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | 2016-17<br>3(6),3(7) | എം.എൻ. ഹരിചന്ദ്രൻ, അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | | 5556 | | | 117010 102914<br>23.10. 2017 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |

4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 123099952 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 149075913 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12068 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10674637 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-17 | | 8,059 | സുബൈദബായ്.എ.<br>അസിസ്റ്റൻറ് സെക്രട്ടറി |
| 3-21 | | 4,009 | അജിത്കുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 12068 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 145696 | ഡേ.ജീന.എസ്.<br>മെഡിക്കൽ ഓഫീസർ |
| 3-2 | 7232931 | ഷിബു, സെക്രട്ടറി |
| 3-3 | 135603 | ഷിബു. സെക്രട്ടറി, |
| 3-6 | 1000000 | സുരേഷ്.പി.പണിക്കർ,<br>വെറ്ററിനറി സർജൻ |
| 3-10 | 410268 | റെജി.ജി.വി,<br>കൃഷി ഓഫീസർ |
| 3-11 | 221638.76 | റെജി.ജി.വി,<br>കൃഷി ഓഫീസർ |
| 3-13 | 22305 | ഷിബു.എ, സെക്രട്ടറി |
| 3-14 | 15000 | സൂര്യ.പി.എസ്.<br>ഫിഷറീസ് ഓഫീസർ |
| 3-15 | 41195 | ഷിബു എ, സെക്രട്ടറി |
| 3-16(1) | 50000 | സുബൈദബായ്.എ.<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-16(2) | 1400000 | അജിത്കുമാർ.വൈ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 10674637 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.കെ.ഷിബു,സെക്രട്ടറി, | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, മണ്ണഞ്ചേരി പി.ഒ ആലപ്പുഴ | ചിറയിൽ, കരളകം വാർഡ്, ആലപ്പുഴ |
| അജിത്കുമാർ.വൈ. അസിസ്റ്റന്റ് എഞ്ചിനീയർ | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, മണ്ണഞ്ചേരി പി.ഒ ആലപ്പുഴ | ആര്യശ്ശേരിൽ, അവലൂകുന്ന് പി,ഓ. കൊറ്റംകുളങ്ങര,ആലപ്പുഴ |
| സുബൈദബായ്.ഐ. അസിസ്റ്റന്റ് സെക്രട്ടറി | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | സുഹാസ്, തോണ്ടൻകുളങ്ങര ആലപ്പുഴ |
| ഡോ.ജീന.എസ്. മെഡിക്കൽ ഓഫീസർ | ആര്യാട് ഗ്രാമപഞ്ചായത്ത് | രാജ്ഭവൻ, പാതിരപ്പള്ളി.പി.ഒ. ആലപ്പുഴ |
| സുരേഷ്.പി.പണിക്കർ, വെറ്ററിനറി സർജൻ | ആര്യാട് ഗ്രാമപഞ്ചായത്ത് | ആനന്ദനിവാസ്, മരുത്തോർവട്ടം.പി.ഒ. ചേർത്തല |
| റെജി.ജി.വി, കൃഷി ഓഫീസർ | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | മുളയ്ക്കൽ, പള്ളിപ്പുറം.പി.ഒ. ചേർത്തല |
| സൂര്യ.പി.എസ്. ഫിഷറീസ് ഓഫീസർ | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ആര്യശ്ശേരിൽ, അവലൂക്കുന്ന്.പി.ഒ. കൊറ്റംകുളങ്ങര, ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.1-1832/11/30.01.12 |
| 2006-2007 | എൽ.എഫ്.ജി. എ.16-292/10/20.08.10/30.10.10 |
| 2007-2008 | എൽ.എഫ്.ജി.എ.16-293/10/20.08.10/30.10.10 |
| 2008-2009 | എൽ.എഫ്.ജി.എ.പി.9-1220/11/16.04.12/09.07.12 |
| 2009-2010 | എൽ.എഫ്.ജി.എ.പി.9-1221/11/16.04.12/09.07.12 |

| | |
|---|---|
| 2010-2011 | എൽ.എഫ്.ജി.എ.പി.9-1066/12/11.12.12/09.07.12 |
| 2011-2012 | എൽ.എഫ്.ജി.എ.പി.9-340/14/29.04.14/12.06.14 |
| 2012-2013 | കെ.എസ്.എ.എ.പി.ഇസെഡ്-പി9/1037/15/1.9.15 |
| 2013-2014 | |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.13-781/16/15.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.3-1331/16/17.11.16 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി13-1049/17 /05.08.2017 |

.

.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

നം.കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(22)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ

തീയതി. 01.08.2018

.

.

.

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം – 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ